# ജീവിതയാത്ര

ജെ. കൃഷ്ണമൂർത്തിയുടെ തത്വങ്ങൾ ഉൾക്കൊള്ളുന്ന പ്രസിദ്ധീകരണം

JEEVITHA YATRA

January - April 2008 Rs.2/- Vol. 3 Issue 2

Krishnamurti Foundation India




ജ്ഞാനികൾ അധികാരം കയ്യാളാറില്ല. അധികാരത്തിരിക്കുന്നവർ ജ്ഞാനികളുമല്ല.

# നിങ്ങളെന്തിനാണ് വിദ്യ അഭ്യസിക്കുന്നത്?

നോക്കൂ, നിങ്ങൾ ജീവിക്കുന്നത് ഞാൻ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും മനോഹരമായ താഴ്‌വരകളിൽ ഒന്നിലാണ്. ഇവിടുത്തെ അന്തരീക്ഷത്തിനുതന്നെ പ്രത്യേകതയുണ്ട്. നിങ്ങൾ സൂക്ഷിച്ചിട്ടുണ്ടോ, സായന്തരങ്ങളിലും അതിരാവിലേയും നിശ്ശബ്ദതയുടെ നൈസർഗ്ഗ്യം ഈ താഴ്‌വരയെ ഭേദിക്കുന്നതും ഇവിടമെല്ലാം കിനിഞ്ഞിറങ്ങുന്നതും. ലോകത്തിലെ ഏറ്റവും പുരാതനമായ കുന്നുകൾ ഈ പ്രദേശത്തിന് ചുറ്റുമാണെന്ന് ഞാൻ വിശ്വസിക്കുന്നു.

മനുഷ്യർ ഇനിയും കേടുവരുത്താത്ത കുന്നുകൾ! മറ്റെവിടെ പോയാലും, നഗരങ്ങളിലോ മറ്റു സ്ഥലങ്ങളിലോ, മനുഷ്യർ പ്രകൃതിയെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. വീടുകൾ നിർമിക്കാൻ മരങ്ങൾ മുറിച്ച്‌വീഴ്ത്തി, കാറുകളും വ്യവസായങ്ങളും കൊണ്ട് അന്തരീക്ഷം മലിനമാക്കിക്കൊണ്ട്. മനുഷ്യൻ മൃഗങ്ങളെ കൊല്ലുന്നു. വളരെ കുറച്ച് കടുവകളെ അവശേഷിച്ചിട്ടുള്ളു. മനുഷ്യൻ എല്ലാം നശിപ്പിക്കുന്നു. കാരണം, കൂടുതൽ കൂടുതൽ ആളുകൾ പിറക്കുമ്പോൾ അവർക്ക് കൂടുതൽ ഇടങ്ങൾ ആവശ്യമാകുന്നു. ക്രമേണ മനുഷ്യൻ ലോകമാകെ നശീകരണം പരത്തുകയാണ്. അതുകൊണ്ട് വളരെകുറച്ച് ആളുകളുള്ള പ്രകൃതി ഭംഗി ഇനിയും നശിപ്പിക്കപ്പെടാത്ത, നിശ്ശബ്ദവും, പ്രശാന്തവും മനോഹരവും ആയ ഇങ്ങിനെയൊരു താഴ്‌വരയിൽ വരുമ്പോൾ ആരും വിസ്മയിച്ച് പോകുന്നു. ഓരോ തവണയും ഇവിടെ വരുമ്പോൾ ഈ സ്ഥലത്തിന്റെ അസാധാരണത്വം ഏതൊരാൾക്കും അനുഭവപ്പെടുന്നു. പക്ഷേ നിങ്ങൾക്ക് ഇത് പരിചിതമായി കഴിഞ്ഞിരിക്കാം. ഇപ്പോൾ നിങ്ങൾ കുന്നുകളെ നോക്കാറില്ല. നിങ്ങൾ പക്ഷികളേയോ ഇലകൾക്കിടയിൽ ചലിക്കുന്ന കാറ്റിനെയോ ശ്രദ്ധിച്ച് കേൾക്കാറില്ല. ക്രമേണ നിങ്ങൾ അനാസ്ഥരായിക്കഴിഞ്ഞിരിക്കുന്നു.

വിദ്യാഭ്യാസം, പുസ്തകപഠനം മാത്രമല്ല. ചില വസ്തുതകൾ മനപ്പാഠമാക്കലല്ല. വിദ്യാഭ്യാസം പുസ്തകങ്ങൾ പറയുന്നതെന്തെന്ന് എങ്ങിനെ കാണാം, മനസ്സിലാക്കാം, എങ്ങിനെ ശ്രദ്ധിച്ചു കേട്ട് അവ പറയുന്നത് സത്യമോ മിഥ്യയോ എന്നെല്ലാം പഠിക്കലാണ്. അതെല്ലാം വിദ്യാഭ്യാസത്തിന്റെ ഒരു ഭാഗമാണ്. വിദ്യാഭ്യാസം പരീക്ഷകൾ പാസ്സാവലോ, ബിരുദങ്ങൾ നേടലോ, ഒരു ജോലി സമ്പാദിക്കലോ, കല്ല്യാണം കഴിച്ച് ജീവിതം സ്ഥിരപ്പെടുത്തലോ മാത്രം അല്ല. പക്ഷികളെ ശ്രദ്ധിക്കൽ, ആകാശം നോക്കിയിരിക്കൽ, ഒരു മരത്തിന്റെ അസാധാരണ ഭംഗി കാണൽ, മലകളുടെ വടിവ് ആസ്വദിക്കൽ, അവയോടെല്ലാം ഇണങ്ങി അവയെ അറിയൽ, അവയുമായി നേരിട്ട് സമ്പർക്കം പുലർത്തൽ, ഇതിനെല്ലാം കഴിവ് സമ്പാദിക്കുന്നത് കൂടി വിദ്യാഭ്യാ



സമാണ്. ദൗർഭാഗ്യമെന്ന് പറയട്ടെ, വയസ്സാവുംതോറും ശ്രദ്ധിച്ച് കാണാനും കേൾക്കാനും ഉള്ള കഴിവ് അപ്രത്യക്ഷമാവുന്നു. കൂടുതൽ പണം, കുറച്ചുകൂടി മെച്ചപ്പെട്ട കാറ്, ഉള്ളതിൽ അധികമോ കുറച്ചോ കുട്ടികൾ ഇവയെല്ലാം വേണമെന്ന് ആശിക്കുന്നു. നിങ്ങൾ അസൂയാലുക്കളും അതിമോഹക്കാരും ആത്യാർത്തിക്കാരും, പരോൽക്കർഷാ സഹിഷ്ണുക്കളും ആയി മാറുന്നു. ഈ ഭൂമിയുടെ മനോഹാരിതയെക്കുറിച്ചുള്ള അവബോധം നഷ്ടപ്പെടുന്നു. ഈ ലോകത്തിൽ എന്താണ് സംഭവിക്കുന്നതെന്ന് നിങ്ങൾക്കറിയാം, വർത്തമാനകാല സംഭവങ്ങളെക്കറിച്ച് നിങ്ങൾ പഠിക്കുന്നുണ്ടാവാം. യുദ്ധങ്ങൾ, വിപ്ലവങ്ങൾ, രാഷ്ട്രം രാഷ്ട്രത്തിനെതിരെ വിഭജിക്കപ്പെടുതൽ, ഇതെല്ലാം നടക്കുന്നുണ്ട്. ഈ രാജ്യത്തുമുണ്ട് വിഭജനം, പിരിക്കൽ, കൂടുതൽ കൂടുതൽ ജനങ്ങൾ പിറക്കൽ, ദാരിദ്ര്യം, മാലിന്യം, അന്യൂനമായ കഠിനഹൃദയത്വം, താൻ സുരക്ഷിതനായിരിക്കണമെന്നല്ലാതെ മനുഷ്യന് മറ്റുള്ളവർക്കെന്തു സംഭവിക്കുന്നു എന്നതിനെക്കുറിച്ച് ശ്രദ്ധയില്ല. നിങ്ങളോ, ഇപ്പറഞ്ഞിതിനോടെല്ലാം ഇണങ്ങിച്ചേരുവാൻ പറ്റിയ വിദ്യാഭ്യാസം നേടുന്നു. നിങ്ങൾക്കറിയാം ഈ ലോകത്തിന് ഭ്രാന്താണ്. ഇക്കാണുന്നതെല്ലാം തന്നെ ഭ്രാന്താണ്. ഈ ഇടപെടൽ, ഈ വഴക്കുകൾ, ഈ ഭീഷണികൾ, ഈ അന്യോന്യം പിച്ചിക്കീറലുകൾ, നിങ്ങൾ ഇതിനോടെല്ലാം ഇണങ്ങിപ്പോവുംവിധം വളരും. ഇത് ശരിയാണോ, ഇതിന് വേണ്ടിയാണോ വിദ്യാഭ്യാസം? നിങ്ങൾക്ക് വേണമെങ്കിലും വേണ്ടെങ്കിലും സമൂഹമെന്ന് വിളിക്കപ്പെടുന്ന ഈ ഭ്രാന്തൻ ഘടനയിൽ ഇണങ്ങിച്ചേരൽ? പിന്നെ നിങ്ങൾക്കറിയാമോ, ലോകമൊട്ടുക്ക് മതങ്ങൾക്കെന്താണ് സംഭവിക്കുന്നതെന്ന്. ആ തലത്തിലും മനുഷ്യൻ ശിഥിലീകരിക്കപ്പെടുകയാണ്. ഇപ്പോൾ ആരും ഒന്നിലും വിശ്വസിക്കുന്നില്ല. മനുഷ്യന് ശാശ്വതമായൊരു വിശ്വാസമില്ല; മതങ്ങൾ വിപുലമായൊരു പ്രചാരണ പ്രസ്താവനയുടെ പരിണതഫലമാണ്. നിങ്ങൾക്ക് ചെറുപ്പമാണ്, പുതുമയുണ്ട്. നിഷ്കളങ്കതയുണ്ട്. നിങ്ങൾക്ക് ഈ ഭൂമിയുടെ മനോഹാരിത കാണാൻ കഴിയുമോ? സ്നേഹമെന്ന ഗുണം ഉൾക്കൊള്ളാൻ കഴിയുമോ? അവയെല്ലാം നിലനിർത്താൻ കഴിയുമോ? അങ്ങിനെ ചെയ്തില്ലെങ്കിൽ വളർന്നു വരുമ്പോൾ നിങ്ങൾ എല്ലാറ്റിനോടും യോജിച്ചുപോകും. കാരണം ജീവിക്കാൻ ഏറ്റവും എളുപ്പമായ വഴി അതാണ്. നിങ്ങളിൽ ചിലർ വളർന്നു വരുമ്പോൾ പ്രതിഷേധിക്കും. പക്ഷേ ആ വിപ്ലവവും പ്രശ്നപരിഹാരത്തിന് ഉള്ള ഉത്തരം നൽകില്ല. മറ്റു ചിലർ സമൂഹത്തിൽ നിന്ന് വിട്ടൊഴിഞ്ഞ് ഓടിപ്പോകാൻ ശ്രമിക്കും. ആ ഓടിപ്പോകലിനും അർത്ഥമൊന്നുമില്ല. നിങ്ങൾ സമൂഹത്തെ മാറ്റിയേ പറ്റൂ. പക്ഷേ ആളുകളെ കൊന്നൊടുക്കിയല്ല. സമൂഹമെന്ന് പറയുന്നത് നിങ്ങളും ഞാനുമാണ്. നിങ്ങളും ഞാനും ഒത്തുചേർന്ന് നമ്മൾ ജീവിക്കുന്ന സമൂഹം കെട്ടിപ്പടുക്കാം. അതുകൊണ്ട് ആദ്യമായി നിങ്ങൾ മാറണം. നിങ്ങൾക്ക് ഈ നിഷ്ഠൂരമായ സമൂഹത്തിൽ ചേരാൻ പറ്റില്ല. അപ്പോൾ നിങ്ങൾ എന്താണ് ചെയ്യാൻ പോകുന്നത്?

നിങ്ങൾ, ഈ വിചിത്രമായ താഴ്വരയിൽ താമസിക്കുന്ന നിങ്ങൾ– പോരാട്ടം, കുഴപ്പം, യുദ്ധം, വെറുപ്പ് എന്നിവയെല്ലാം നിറഞ്ഞ ഒരു ലോകത്തിലേക്ക് ബലാൽക്കാരമായി തള്ളപ്പെടുമോ? നിങ്ങൾ ഇണങ്ങിച്ചേർന്ന് പഴയ മൂല്യങ്ങൾ കൈക്കൊള്ളാൻ പോകയാണോ? നിങ്ങൾക്കറിയാം ആ മൂല്യങ്ങൾ എന്തെല്ലാമാണെന്ന് – പണം, പദവി, പെരുമ, അധികാരം ഇതെല്ലാമേ മനുഷ്യന് വേണ്ടു; സമൂഹം നിങ്ങൾ അങ്ങിനെയുള്ളൊരു മൂല്യവ്യവസ്ഥിതിയിൽ ഇണങ്ങിച്ചേരണമെന്നാശിക്കുന്നു. പക്ഷേ, നിങ്ങൾ ഇപ്പോൾ മുതൽ ചിന്തിക്കാനും നിരീക്ഷിക്കാനും ഉൾക്കൊള്ളാനും തുടങ്ങുകയാണെങ്കിൽ – പുസ്തകങ്ങൾ പഠിച്ചല്ല, നിങ്ങൾക്കു ചുറ്റും നടക്കുന്നതെല്ലാം സൂക്ഷ്മമായി കണ്ടും കേട്ടും – എങ്കിൽ നിങ്ങൾ വ്യത്യസ്ത വ്യക്തികളായി വളർന്നുവരും. കാരുണ്യമുള്ള, വാത്സല്യവും സ്ലേഹവുമുള്ള വ്യക്തികളായി, ആളുകളെ സ്നേഹിച്ചുകൊണ്ട് അങ്ങിനെയൊരു ജീവിതം നയിച്ചാൽ ഒരുപക്ഷേ നിങ്ങൾക്ക് യഥാർത്ഥ മതനിഷ്ടയുള്ള ജീവിതം കണ്ടെത്താൻ കഴിയും.

**ശ്രദ്ധിക്കൽ ഏകാഗ്രതയിൽ നിന്ന് വ്യത്യസ്തമാണ്. ഏകാഗ്രനായിരിക്കുമ്പോൾ നിങ്ങൾ എല്ലാം കാണുന്നില്ല. പക്ഷേ, നല്ലപോലെ ശ്രദ്ധിക്കുമ്പോൾ, നിങ്ങൾക്ക് വളരെയേറെ കാണാൻ കഴിയും**

അതുകൊണ്ട് പ്രകൃതിയെ നോക്കൂ, പുളിമരത്തെ, പൂവിട്ടുനിൽക്കുന്ന മാവുകളെ, അതികാലത്തും സായാഹ്നത്തിലും പക്ഷികൾ പറയുന്നത് ശ്രദ്ധിച്ചുകേൾക്കൂ. തെളിഞ്ഞ ആകാശം, നക്ഷത്രങ്ങൾ, ആ മലകൾക്കു പിറകിൽ സൂര്യൻ അസ്തമിക്കുന്ന അത്ഭുത കാഴ്ച. ഇതെല്ലാം കാണൂ. നിറങ്ങളെല്ലാം കാണൂ. ഇലകളിൽ വീഴുന്ന വെളിച്ചം, ഭൂമിയുടെ ഭംഗി, സമ്പുഷ്ടമായ മണ്ണ് – ഇവയെല്ലാം കണ്ടതിന് ശേഷം മൃഗീയതയും അക്രമാസക്തിയും വൈരൂപ്യവും നിറഞ്ഞ ഈ ലോകം കാണുമ്പോൾ നിങ്ങളെന്തു ചെയ്യാൻ പോവുന്നു?

നിങ്ങൾക്കറിയാമോ, ശ്രദ്ധിക്കൽ എന്നാൽ എന്താണെന്ന്. എന്താണ് ശ്രദ്ധ ചെലുത്തൽ? ശ്രദ്ധ ചെലുത്തുമ്പോൾ എല്ലാ വസ്തുക്കളും തെളിഞ്ഞ് കാണാം. പക്ഷി പാടുന്നത് തെളിച്ച് കേൾക്കാം. വ്യത്യസ്തശബ്ദങ്ങൾ വേർതിരിച്ച് കേൾക്കാൻ സാധിക്കും. ഒരു മരത്തെ ശ്രദ്ധിച്ചു നോക്കുമ്പോൾ, ആ മരത്തിന്റെ ആകെ തുകയായ ഭംഗി കാണാൻ സാധിക്കും. ഇലകൾ, ചില്ലകൾ, കാറ്റ് അവയുമായി കളിക്കുന്നത്, എല്ലാം കാണാം. ശ്രദ്ധിച്ചാൽ എല്ലാം തെളിഞ്ഞ് കാണാം. നിങ്ങൾ എപ്പോഴെങ്കിലും അങ്ങിനെ ചെയ്തിട്ടുണ്ടോ. ശ്രദ്ധിക്കൽ ഏകാഗ്രതയിൽ നിന്ന് വ്യത്യസ്തമാണ്. ഏകാഗ്രനായിരിക്കുമ്പോൾ നിങ്ങൾ എല്ലാം കാണുന്നില്ല. പക്ഷേ, നല്ലപോലെ ശ്രദ്ധിക്കുമ്പോൾ, നിങ്ങൾക്ക് വളരെയേറെ കാണാൻ കഴിയും. ഇനി നല്ലപോലെ ശ്രദ്ധിക്കൂ. ആ മരത്തെ നോക്കൂ. ചുറ്റുമുള്ള നിഴലുകൾ കാണൂ. നനുത്ത കാറ്റ് ഇലകൾക്കിടയിൽ തുള്ളുന്നത് കാണൂ. ആ മരത്തിന്റെ മൊത്തം ആകൃതി കാണൂ. മറ്റു മരങ്ങളെ അപേക്ഷിച്ച് ആ മരത്തിന്റെ ശരാശരി അളവ് കാണൂ. ഇലകൾക്കിടയിലൂടെ നൂഴഞ്ഞിറങ്ങുന്നവെളിച്ചത്തിന്റെ ഭാവം കാണൂ. ചില്ലകളിലും തടിയിലും എല്ലാം വീഴുന്ന വേളിച്ചം ആ മരത്തിന്റെ സമ്പൂർണ്ണത. അങ്ങിനെ അതിനെ നോക്കൂ. കാരണം ഞാൻ നിങ്ങളോട് പറയാൻ പോകുന്ന ചില കാര്യങ്ങളിൽ പൂർണ്ണശ്രദ്ധ ചെലുത്തിയേ പറ്റൂ. ശ്രദ്ധ എവിടെയും ആവശ്യമാണ്. ക്ലാസ്സിനുള്ളിലും പുറത്തും, ഭക്ഷിക്കുമ്പോഴും, നടക്കുമ്പോഴും. ശ്രദ്ധ അതി വിചിത്രമായൊരു സംഗതിയാണ്.

ഞാൻ നിങ്ങളോട് ഒരു കാര്യം ചോദിക്കാൻ പോവുകയാണ്. നിങ്ങളെന്തിനാണ് വിദ്യ അഭ്യസിക്കുന്നത്? എന്റെ ചോദ്യത്തിന്റെ അർത്ഥം മനസ്സിലാകുന്നുണ്ടോ? നിങ്ങളുടെ മാതാപിതാക്കന്മാർ നിങ്ങളെ സ്കൂളിലേക്കയച്ചു. നിങ്ങൾ ക്ലാസ്സുകളിൽ ഹാജരാകുന്നു. ഗണിതശാസ്ത്രം, ഭൂമിശാസ്ത്രം, ചരിത്രം എന്നീ വിഷയങ്ങൾ പഠിക്കുന്നു. എന്തിന്? നിങ്ങളെപ്പോഴെങ്കിലും തന്നത്താൻ ചോദിച്ചിട്ടുണ്ടോ നിങ്ങളെന്തിന് വേണ്ടി പഠിക്കുന്നു. ഈ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം എന്താണ്? പരീക്ഷകൾ പാസ്സാവുന്നതുകൊണ്ടോ, ബിരുദങ്ങൾ കൈക്കലാക്കുന്നതുകൊണ്ടോ എന്ത് നേടുന്നു? കല്ല്യാണം കഴിച്ച്. ജോലി നേടി. ശതകോടി ജനങ്ങൾ തങ്ങളുടെ ജീവിതം സ്ഥിരപ്പെടുത്തുന്നത് തുടരാനാണോ? അതാണോ നിങ്ങൾ ചെയ്യാൻ പോകുന്നത്? അതാണോ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം? ഞാൻ എന്താണ് പറയുന്നതെന്ന് കൃത്യമായും നിങ്ങൾക്ക് മനസ്സിലാവുന്നുണ്ടോ? ഇത് വളരെ സാരവത്തായൊരു ചോദ്യമാണ്. ലോകമൊട്ടുക്കും മനുഷ്യർ– റഷ്യയിലാ

യാലും ചൈനയിലായാലും അമേരിക്കയിലായാലും യൂറോപ്പിലായാലും പരമാവധി ഈ രാജ്യത്തിലായാലും വിദ്യാഭ്യാസത്തിന് വഴങ്ങുന്നത് സമൂഹവും അതിന്റെ സംസ്ക്കാരവും ആയി ഇണങ്ങിച്ചേരാനാണ്. സാമൂഹ്യ സാമ്പത്തിക ധാരകളിൽ ഇണങ്ങിച്ചേരാനാണ്. ആയിരം നൂറ്റാണ്ടുകളായി പ്രവഹിച്ചു കൊണ്ടിരിക്കുന്ന ആ അപാരമായ ഒഴുക്കിലേക്ക് വലിച്ചെടുക്കപ്പെടാനാണ്. അത് വിദ്യാഭ്യാസമാണോ, വളരെ വ്യത്യസ്തമായ മറ്റെന്തെങ്കിലും ആണോ? മനുഷ്യമനസ്സ് ആ അപാരമായ ഒഴുക്കിൽ വലിച്ചെടുക്കപ്പെട്ട് നശിക്കുന്നത് ഇല്ലാതാക്കാൻ വിദ്യാഭ്യാസത്തിന് കഴിയുമോ? മനസ്സ് ഒരിക്കലും ആ ഒഴുക്കിൽ പെടാതിരിക്കാൻ ശ്രദ്ധിക്കൂ. അങ്ങിനെയുള്ളൊരു മനസ്സിന് ഉടമയായാൽ നിങ്ങൾക്ക് തികച്ചും വ്യത്യസ്തനായൊരു വ്യക്തിയാകാം; ഒരു വ്യത്യസ്തമായ ജീവിതം നയിക്കാം. അത്തരമൊരു വിദ്യാഭ്യാസമാണോ നിങ്ങൾ നേടാൻ പോകുന്നത്? അതോ, നിങ്ങൾ അച്ഛനമ്മമാരേയും സമൂഹത്തെയും നിങ്ങൾ സമൂഹധാരയുടെ ഒരു ഭാഗമായിക്കൊള്ളണമെന്ന് കൽപിക്കാൻ അനുവദിക്കുമോ? യഥാർത്ഥ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം ഗണിതശാസ്ത്രം, ഭൂമിശാസ്ത്രം, ചരിത്രം എന്നീ വിഷയങ്ങളിൽ നൈപുണ്യം നേടൽ മാത്രമല്ല. ഒരു മനുഷ്യമനസ്സ്, അതായത് നിങ്ങളുടെ മനസ്സ് ഒരു കാരണവശാലും സമൂഹത്തിന്റെ ഒഴുക്കിനാൽ വശീകരിക്കപ്പെടാൻ അനുവദിക്കാതിരിക്കലും കൂടിയാണ്. കാരണം, ജീവിതമെന്ന് നാം വിവക്ഷിക്കുന്ന ആ ഒഴുക്ക്, ദുഷിച്ചതും, സദാചാരവിരുദ്ധവും ആക്രമണാസക്തവും അത്യാർത്തി പിടിച്ചതും ആണ്. ആ ഒഴുക്കാണ് നമ്മുടെ സംസ്ക്കാരം. അതുകൊണ്ട് നമ്മെ അലട്ടുന്ന ചോദ്യമിതാണ്. എങ്ങിനെ അർത്ഥവത്തായ വിദ്യാഭ്യാസം നൽകാം? എല്ലാ പ്രലോഭനങ്ങളെയും സ്വാധീനപ്പെടുത്തലുകളെയും, ഈ സംസ്ക്കാരത്തിന്റെയും നാഗരീകതയുടെയും മൃഗീയതകളെയും ചെറുക്കാൻ പറ്റിയ വിദ്യാഭ്യാസം. ചരിത്രത്തിൽ നാമൊരു പതനത്തിൽ എത്തിയിരിക്കയാണ്. നാം പുതിയൊരു സംസ്ക്കാരം കെട്ടിപ്പെടുത്തേണ്ടിയിരിക്കുന്നു. പൂർണ്ണമായും വ്യത്യസ്തമായ ഒരു അസ്തിത്വം ഉള്ളത്. കച്ചവടമനോഭാവത്തിലും വ്യവസായവൽക്കരണത്തിലും വിശ്വസിക്കാത്ത ഒരു യഥാർത്ഥ മതബോധത്തിലുറച്ചു നിൽക്കുന്ന ഒരു സംസ്ക്കാരം. അപ്പോൾ, എങ്ങിനെയാണ് വിദ്യാഭ്യാസത്തിലൂടെ ഒരു പൂർണ്ണമായും വ്യത്യസ്തമായ, ആർത്തിയും അസൂയയും ഇല്ലാത്ത മനസ്സ് സൃഷ്ടിക്കുക? എങ്ങിനെയാണ് ഉൽക്കർഷേച്ഛയില്ലാത്ത, അസാധാരണമായ ഉണർവും പ്രവർത്തനശക്തിയുമുള്ള മനസ്സ് സൃഷ്ടിക്കുക? സാധാരണ ജീവിതത്തിലെ സത്യങ്ങളെന്തെന്ന് അവബോധമുള്ള ഒരു മനസ്സ് അതല്ലാതെ മറ്റെന്താണ് മതം.?

ഇനി നമുക്ക് വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ അർത്ഥവും ഉദ്ദേശ്യവും കണ്ടുപിടിക്കാം. സമൂഹത്തിന്റെ നിബന്ധനകൾക്കടിമപ്പെട്ട്, ഇപ്പോൾ ജീവിക്കുന്ന സംസ്ക്കാരത്തിലാഴ്ന്ന് കിടക്കുന്ന നിങ്ങൾ വിദ്യാഭ്യാസത്തിലൂടെ സ്വഭാവമാറ്റംവന്ന് ഒരു പരിതസ്ഥിതിയിലും സമൂഹത്തിന്റെ സാധാരണ ഒഴുക്കിൽ പ്രവേശിക്കാതിരിക്കുമോ? വ്യത്യസ്തമായൊരു വിധത്തിൽ നിങ്ങളെ വിദ്യ അഭ്യസിപ്പിക്കുവാൻ പറ്റുമോ? "വിദ്യ അഭ്യസിപ്പിക്കുക" എന്ന വാക്കുകളുടെ യഥാർത്ഥ അർത്ഥത്തിൽ. അദ്ധ്യാപകരിൽ നിന്ന് വിദ്യാർത്ഥികളിലേക്ക് ഗണിതശാസ്ത്രം, ഭൂമിശാസ്ത്രം, ചരിത്രം എന്നീവിഷയങ്ങളെക്കുറിച്ച് ചില വിവരങ്ങൾ സംക്രമിപ്പിക്കാതെ ആ വിഷയങ്ങളെക്കുറിച്ചു തന്നെയുള്ള നിർദ്ദേശങ്ങൾ നിങ്ങളുടെ മനസ്സിൽ കാര്യമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട്. ഇതിന്റെ അർത്ഥം നിങ്ങൾ അതീവ വിമർശനശക്തിയുള്ളവരായിരിക്കണം എന്നാണ്. ഏതൊന്ന് നിങ്ങൾ വ്യക്തമായി കാണുന്നില്ലയോ അതിനെ ഒരിക്കലും സ്വീകരിക്കാതിരിക്കണം, മറ്റൊരാൾ പറഞ്ഞത് ഒരിക്കലും ആവർത്തിച്ചു പറയരുത്.

ഈ ചോദ്യങ്ങൾ നിങ്ങൾ നിങ്ങളോടുതന്നെ ചോദിക്കണം. ഇടയ്ക്കു മാത്രമല്ല, എല്ലാ ദിവസവും കണ്ടുപിടിക്കൂ. എല്ലാം ശ്രദ്ധിച്ചു കേൾക്കൂ. പക്ഷികൾ ശബ്ദിക്കുന്നത്, പശുക്കൾ വിളിക്കുന്നത്, നിങ്ങളിലുള്ള എല്ലാറ്റിനെക്കുറിച്ചും പഠിക്കൂ. കാരണം, നിങ്ങളെക്കുറിച്ച് നിങ്ങളിൽ നിന്നും തന്നെ പഠിച്ചാൽ നിങ്ങൾ ഒരിക്കലും ഒരു രണ്ടാംതരം ജീവിയാവില്ല. അതുകൊണ്ട്, എന്റെ അഭിപ്രായത്തിൽ, നിങ്ങൾ ഇപ്പോൾ തൊട്ട് എങ്ങിനെ വ്യത്യസ്തമായൊരു ജീവിതം നയിക്കാം എന്ന് കണ്ടുപിടിക്കണം, അത് വളരെ ബുദ്ധിമുട്ടുള്ളൊരുകാര്യമാണ്. കാരണം, നമ്മിലധികംപേരും സുഗമമായൊരു ജീവിതം നയിക്കാൻ ഇഷ്ടപ്പെടുന്നവരാണ് എന്ന് ഞാൻ ഭയപ്പെടുന്നു.

മറ്റുള്ളവർ പറയുന്നത് ആവർത്തിക്കുകയും അവയെ പിന്തുടരുകയും ചെയ്യാനാണ് നമുക്കിഷ്ടം. കാരണം, അതാണ് ഏറ്റവും എളുപ്പത്തിൽ ജീവിക്കാൻ പറ്റിയ വഴി. പഴയൊരു മാർഗ്ഗത്തിലോ പുതിയൊരു മാർഗ്ഗത്തിലോ ഇണങ്ങിച്ചേരൽ. യോജിച്ചു പോവാതിരിക്കലും ഭയമില്ലാതെ ജീവിക്കലും എന്താണെന്ന് നാം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഇത് നിങ്ങളുടെ ജീവിതമാണ്, ആരും നിങ്ങളെ ഒന്നും പഠിപ്പിച്ചുതരാൻ പോകുന്നില്ല; ഒരു പുസ്തകവും ഒരു ഗുരുവും. പുസ്തകങ്ങളിൽ നിന്നല്ല നിങ്ങൾ പഠിക്കേണ്ടത്, നിങ്ങളിൽ നിന്ന് തന്നെയാണ്. നിങ്ങളെക്കുറിച്ച് പഠിക്കാൻ വളരെയേറെയുണ്ട്. അത് അന്തമില്ലാത്ത ഒരു കാര്യമാണ്, അത്യാകർഷവും നിങ്ങൾ നിങ്ങളിൽ നിന്നുതന്നെ നിങ്ങളെപ്പറ്റി പഠിക്കുമ്പോൾ ആ പഠിപ്പിൽ നിന്ന് ജ്ഞാനം ഉണ്ടാവുന്നു. അപ്പോൾ നിങ്ങൾ അതിവിചിത്രമായ, സന്തോഷകരമായ, മനോഹരമായ ഒരു ജീവിതം നയിക്കുന്നു. ശരിയല്ലേ? ഇപ്പോൾ, നിങ്ങൾ ഏന്നോട് ചോദ്യങ്ങൾ ചോദിക്കുമോ.?

*വിദ്യാർത്ഥി:* ഈ ലോകം നിറയെ അനാസ്ഥരും ശൂന്യരും ആയ മനുഷ്യരാണ്. ഈ ആൾക്കാരെ എങ്ങിനെ മാറ്റിയെടുക്കാം.?

*കൃഷ്ണമൂർത്തി:* ഈ ലോകത്തിൽ ധാരാളം ക്രൂരരും അനാസ്ഥരും ഹൃദയശൂന്യരും ആയ മനുഷ്യരുണ്ട്. അവരെ എങ്ങിനെ മാറ്റാം? അതാണോ ചോദ്യം? നിങ്ങളെന്തിന് മറ്റുള്ളവരെ മാറ്റാൻ ക്ലേശിക്കുന്നു? നിങ്ങൾ സ്വയം മാറൂ. അല്ലെങ്കിൽ നിങ്ങൾ വളർന്നു വരുമ്പോൾ നിങ്ങളും ഹൃദയശൂന്യരായിത്തീരും. അനാസ്ഥരാവും. ക്രൂരന്മാരാവും. പഴയ തലമുറ അപ്രത്യക്ഷപ്പെടുകയാണ്. അത് പോവുകയാണ്, നിങ്ങളോ വരുകയും. നിങ്ങളും ക്രൂരരും അനാസ്ഥരും ഹൃദയശൂന്യരും ആയി പരിണമിച്ചാൽ, നിങ്ങളും അതേ വിധത്തിലൊരു സമൂഹംതന്നെ കെട്ടിപ്പടുക്കും. അതുകൊണ്ട് മുഖ്യമായി നിങ്ങൾ മാറണം. നിങ്ങൾ ഹൃദയശൂന്യരാവരുത്, അനാസ്ഥരാവരുത്. ഇതെല്ലാം പഴയതലമുറയുടെ കർത്തവ്യമാണ് എന്ന് നിങ്ങൾ പറയുമ്പോൾ, നിങ്ങൾ അവരെ കണ്ടിട്ടുണ്ടോ. സൂക്ഷ്മമായി നിരീക്ഷിച്ചിട്ടുണ്ടോ, അവരോട്

## അനുകരണം എന്തിന് ?

എന്തിനാണു നാം അംഗീകരിക്കുന്നത്? എന്തിനാണു നാം അനുകരിക്കുന്നത്. മറ്റൊരാളുടെ പ്രാമാണികത്വത്തെ, മറ്റൊരാളുടെ അനുഭവജ്ഞാനത്തെ നാം അനുകരിക്കുന്നു. പിന്നീട് അതിനെത്തന്നെ സംശയിക്കുകയും ചെയ്യുന്നു. പ്രാമാണികത്വത്തിന്റെ ഈ അന്വേഷണവും, അതിന്റെ തുടർച്ചയായുള്ള മോഹഭംഗവും നമ്മിൽ പലർക്കും വേദനാജനകമായ ഒരു നടപടിയായിത്തീരുന്നു. ഒരിക്കൽ അംഗീകരിക്കപ്പെട്ട അധികാരത്തെ, നേതാവിനെ, ഉപദേഷ്ടാവിനെ നാം അധിക്ഷേപിക്കുന്നു, വിമർശിക്കുന്നു. എന്നാൽ നമ്മുടെ പെരുമാറ്റം നയിക്കാൻ ശേഷിയുള്ള ഒരു മേൽക്കോയ്മയോട്, പ്രാമാണികത്വത്തിനോടുള്ള നമ്മുടെ തന്നെ സ്വന്തം അതികാംക്ഷയെ നാം ഒരിക്കലും ആരായുന്നില്ല. ഈ അതികാംക്ഷയെ നാം മനസ്സിലാക്കിക്കഴിഞ്ഞാൽ പിന്നെ സംശയിക്കുന്നതിന്റെ സാരാർത്ഥവും നമുക്കു സുഗമമാകും.

*(ജെ.കൃഷ്ണമൂർത്തിയുടെ 'ദി ബുക്ക് ഓഫ് ലൈഫ്' എന്ന പുസ്തകത്തിൽ നിന്ന്.)*

സഹതാപം തോന്നിയിട്ടുണ്ടോ? ഉണ്ടെങ്കിൽ, നിങ്ങൾ എന്തെങ്കിലും ചെയ്തിരിക്കും. നിങ്ങൾ നിങ്ങളെത്തന്നെ മാറ്റി പ്രവർത്തനത്തിലൂടെ സ്വയം പരീക്ഷിക്കിൻ. ഇങ്ങിനെയുള്ളൊരു പ്രവർത്തനം അതി വിചിത്രമായൊരുകാര്യമാണ്. പക്ഷേ, നമുക്ക് നമ്മെയൊഴിച്ച് മറ്റെല്ലാവരേയും മാറ്റണം എന്നു വെച്ചാൽ സത്യത്തിൽ നമുക്ക് മാറണമെന്നില്ല. മറ്റുള്ളവർ മാറണമെന്നാണ് നാം ഇച്ഛിക്കുന്നത്. അതുകൊണ്ട് നാം ഹൃദയശൂന്യരും അനാസ്ഥരും ക്രൂരരും ആകുന്നത് തുടരുന്നു. പരിതസ്ഥിതികൾ മാറുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽപിന്നെ നമുക്ക് നമ്മുടെ വഴിതന്നെ തുടരാമല്ലോ. ഞാൻ പറയുന്നതെന്തെന്ന് നിങ്ങൾക്ക് മനസ്സിലാകുന്നുണ്ടോ?

*വിദ്യാർത്ഥി:* താങ്കൾ ഞങ്ങളോട് മാറണം എന്നു പറയുന്നു. ഞങ്ങൾ എന്തായി മാറണം.

*കൃഷ്ണമൂർത്തി:* താങ്കൾ ഞങ്ങളോട് മാറാൻ പറയുന്നു. ഞങ്ങൾ എന്തായി മാറണം? നിങ്ങൾക്ക് ഒരു കുരങ്ങായി മാറാൻ പറ്റില്ല. നിങ്ങൾക്ക് വേണമെന്നുണ്ടെങ്കിലും അത് സാധ്യമല്ല. അപ്പോൾ, നിങ്ങൾ "എനിക്ക് എന്തെങ്കിലും ആയി മാറണം" എന്നു പറയുമ്പോൾ എന്താണുദ്ദേശിക്കുന്നത്? ഞാൻ പറയുന്നത് സൂക്ഷിച്ചു കേൾക്കുവിൻ. ഞാൻ നിങ്ങളോട് തന്നത്താൻ മാറണം എന്നു പറയുമ്പോൾ നിങ്ങൾ പറയുന്നു." ഞാൻ മാറണം. എന്തെങ്കിലും മറ്റൊന്നായി മാറണം. "എന്തെങ്കിലും മറ്റൊന്ന്" എന്നത് നിങ്ങൾ സൃഷ്ടിച്ചൊരു മാതൃകയാണ്. അല്ലേ? നിങ്ങളത് കാണുന്നുണ്ടോ? നോക്കൂ, നിങ്ങൾ അക്രമണാസക്തിയോ അത്യാർത്തിയോ ഉള്ള വ്യക്തിയാണെന്ന് വെയ്ക്കൂ. നിങ്ങൾക്ക് അത്യാർത്തിയില്ലാത്ത ഒരു മനുഷ്യനാവാൻ ആശയുണ്ട്. അത്യാർത്തിയില്ലാതാവുക എന്നത് ആർത്തിയുടെ മറ്റൊരു രൂപമാണ്. അല്ലേ? നിങ്ങളത് കാണുന്നുണ്ടോ? പകരം നിങ്ങൾ ഇങ്ങിനെ പറയുകയാണെന്ന് വെയ്ക്കുക. "ഞാൻ അർത്തിയുള്ളവനാണ്, അതിന്റെ അർത്ഥമെന്തെന്ന് ഞാൻ കണ്ടുപിടിക്കും. എന്തുകൊണ്ടാണ് ഞാൻ ആർത്തിയുള്ളവനായിരിക്കുന്നത്, അതിലെന്താണ് അടങ്ങിയിരിക്കുന്നത്" എന്നെല്ലാം. എങ്കിൽ, ആർത്തിയെന്താണെന്ന് മനസ്സിലാക്കുമ്പോൾ നിങ്ങൾ ആർത്തിയിൽ നിന്ന് വിമുക്തനാവും. ഞാൻ പറയുന്നതെന്തെന്ന് നിങ്ങൾക്ക് മനസ്സിലാകുന്നുണ്ടോ?

ഞാൻ വിശദീകരിക്കട്ടെ. ഞാൻ ആർത്തിയുള്ളവനാണ്, ആർത്തിയില്ലാതിരിക്കാൻ പ്രയത്നിക്കുന്നു, പോരാടുന്നു, കഠിനാദ്ധ്വാനം ചെയ്യുന്നു. ആർത്തിയില്ലാത്തവൻ എന്നാൽ എന്താണെന്നതിനെക്കുറിച്ച് മുൻകൂട്ടി എനിക്ക് ഒരാശയം, ഒരു ചിത്രം, ഒരു പ്രതിച്ഛായ ഉണ്ട്. അതുകൊണ്ട് ഞാൻ ആർത്തിയില്ലായ്മ എന്ന ഒരാദർശത്തിനോട് ഒത്തു ചേരുകയാണ്. നിങ്ങൾക്ക് മനസ്സിലായോ? ഇതിനുപകരം ഞാൻ എന്റെ ആർത്തിയെ സൂക്ഷ്മമായി വീക്ഷിച്ച്, എന്തുകൊണ്ടാണ് ഞാൻ ആർത്തിക്കടിമപ്പെട്ടിരിക്കുന്നത് എന്ന് മനസ്സിലാക്കി, ആർത്തിയുടെ സ്വഭാവം, ഘടന എന്നിവയെക്കുറിച്ചെല്ലാം മനസ്സിലാക്കുമ്പോൾ ഞാൻ ആർത്തിയിൽ നിന്ന് വിമുക്തനാവുന്നു. അതുകൊണ്ട് ആർത്തിയിൽനിന്ന് വിമുക്തി. ആർത്തിയില്ലാതാവാൻ ശ്രമിക്കുന്നതിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. ഈ വ്യത്യാസം നിങ്ങൾ കാണുന്നുണ്ടോ? ആർത്തിയിൽനിന്ന് വിമോചനം. "ഞാൻ ഒരു മഹാപുരുഷനാവണം, ഞാൻ ആർത്തിയില്ലാത്തവനാവണം" എന്ന് പറയുന്നതിൽനിന്ന് തികച്ചും വ്യത്യസ്തമാണ്.

ഇന്നലെ രാത്രി ഞാൻ വിചാരിക്കയായിരുന്നു. ഇടക്കും തലക്കുമായി നാല്പതു വർഷങ്ങളോളം ഞാൻ ഈ താഴ്വരയിൽ വന്നിട്ടുണ്ട്. ആളുകൾ വരുന്നു, പോവുന്നു. മരങ്ങൾ മരിക്കുന്നു, പുതിയ മരങ്ങൾ വളരുന്നു. വ്യത്യസ്തരായ കുട്ടികൾ ഇവിടെ വന്നിട്ടുണ്ട്, വിദ്യാലയത്തിൽകൂടി കടന്ന് പോയിട്ടുണ്ട്. എൻജിനീയർമാരും വീട്ടമ്മമാരും ആയി തീർന്നിട്ടുണ്ട്. ജനക്കൂട്ടത്തിലേക്ക് അപ്പാടെ മറഞ്ഞു പോയിട്ടുണ്ട്. അവരെ ഞാൻ അപൂർവ്വം ചിപ്പോൾ കാണാറുണ്ട്, ഒരു വിമാനത്താവത്തിൽ വെച്ചോ, ഒരു സമ്മേളനത്തിലോ, വളരെ സാധാരണ മനുഷ്യരായി. നിങ്ങൾ സൂക്ഷിച്ചില്ലെങ്കിൽ നിങ്ങളും അങ്ങിനെ അവസാനിക്കാനാണ് സാദ്ധ്യത. ■

*(ജെ. കൃഷ്ണമൂർത്തിയുടെ 'കൃഷ്ണമൂർത്തി ഓൺ എഡ്യൂക്കേഷൻ' എന്ന പുസ്തകത്തിൽ നിന്ന്.)*

# വിദ്യാഭ്യാസവും ജീവിതത്തിന്റെ അർത്ഥവും

ലോകം ചുറ്റി സഞ്ചരിക്കുമ്പോൾ, ഇന്ത്യയിലോ, അമേരിക്കയിലോ, യൂറോപ്പിലോ, ആസ്ത്രേലിയായിലോ എവിടെ ആയാലും മനുഷ്യസ്വഭാവം എത്ര അധികം ഒന്നുപോലെയിരിക്കുന്നു എന്നു നമുക്കു കാണാവുന്നതാണ്. കോളേജുകളേയും സർവകലാശാലകളേയും സംബന്ധിച്ചിടത്തോളം ഇതു വിശേഷിച്ചും ശരിയായിരിക്കും. ജീവിതഭദ്രത കൈവരുത്തുക, സമുദായത്തിൽ എണ്ണപ്പെട്ട ഒരുവനാകുക അഥവാ കഴിയുന്നത്ര നിശ്ചിന്തനായി സുഖമായി കഴിഞ്ഞുകൂടുക ഇതൊക്കെ പ്രധാന ഉദ്ദേശം ആയിട്ടുള്ള ഒരു തരം മനുഷ്യജീവിയെ, ഒരു മൂശയിലെന്ന പോലെ നാം വാർത്തു വിട്ടുകൊണ്ടിരിക്കുന്നു.

മാമൂലനുസരിച്ചുള്ള വിദ്യാഭ്യാസം സ്വതന്ത്രചിന്തയെ അത്യന്തം ദുഷ്കരമാക്കിത്തീർക്കുന്നു. അനുരൂപ പ്രവണത നമ്മെ ഇടത്തരക്കാർ ആക്കുന്നു. നാം വിജയത്തെ ആരാധിക്കുന്നിടത്തോളം കാലം, കൂട്ടത്തിൽ നിന്നു വ്യത്യസ്തമായിരിക്കുകയോ, ചുറ്റുപാടുകളെ എതിർക്കുകയോ ചെയ്യുക എളുപ്പമല്ലെന്നുതന്നെയല്ല, പലപ്പോഴും ആപല്ക്കരവുമാണ്. ഭൗതികമോ, ആത്മീയമെന്നു പറയപ്പെടുന്നതോ ആയ മണ്ഡലത്തിൽ പ്രതിഫലാന്വേഷണമാകുന്ന വിജയത്വര, ആന്തരമോ ബാഹ്യമോ ആയ സുരക്ഷിതത്വത്തിനുവേണ്ടിയുള്ള അന്വേഷണം, സുഖത്തിനുവേണ്ടിയുള്ള അഭിനിവേശം. ഈ പ്രക്രിയ മുഴുവൻ സംതൃപ്തിയെ ഞെക്കിക്കൊല്ലുകയും സ്വച്ഛന്ദതയെ നശിപ്പിക്കുകയും ഭയത്തെ ജനിപ്പിക്കുകയും ചെയ്യുന്നു; ഭയമാകട്ടെ, ബുദ്ധിപൂർവ്വം ജീവിതത്തെ മനസ്സിലാക്കുന്ന വഴിയടയ്ക്കുന്നു. പ്രായമേറുംതോറും, മനസ്സിനും ഹൃദയത്തിനും ഒരു ജഡത വന്നു കൂടുകയുമായി.

സുഖം തേടിക്കൊണ്ട് നാം ജീവിതത്തിലെ ഇടച്ചിലുകളേറ്റവും കുറഞ്ഞ ഒരു ഒതുങ്ങിയ കോണു കണ്ടുപിടിക്കുന്നു. പിന്നെ ആ മറവിൽ നിന്നു വെളിയിൽ വരാൻ നമുക്കു ഭയമാണ്. ജീവിതത്തെപ്പറ്റിയുള്ള ഈ ഭയം സംഘർഷങ്ങളേയും പുതിയ അനുഭവങ്ങളേയും പറ്റിയുള്ള ഭയം നമ്മിലെ സാഹസികത്വത്തെ കൊല്ലുന്നു. നമ്മേ വളർത്തുന്ന മുഴുവൻ രീതിയും, നമ്മുടെ വിദ്യാഭ്യാസവും കാരണം ചുറ്റുമുള്ളവരിൽ നിന്ന് വ്യത്യസ്തരാകാൻ നമുക്ക് ഭയമാണ്. അതുപോലെ സമാജത്തിലെ പ്രതിഷ്ഠിതമായ മാതൃകകൾക്ക് എതിരാകാനും. നമ്മൾ അധികാരത്തിനും പരമ്പരകൾക്കും മുമ്പിൽ വ്യാജബഹുമാനം കാട്ടുന്നു.

ഭാഗ്യവശാൽ മാനവികപ്രശ്നങ്ങളെ, ഇടതുപക്ഷത്തേക്കോ വലതുപക്ഷത്തേക്കോ ചായാതെ, പരിശോധിക്കുവാൻ തയ്യാറുള്ള ചുരുക്കം ചിലർ ഇപ്പോഴും ഉണ്ട്. പക്ഷേ നമ്മിൽ ബഹു ഭൂരിപക്ഷത്തിലും അസംതൃപ്തിയുടെ, പ്രതിക്ഷോഭത്തിന്റെ, യഥാർത്ഥ മനസ്ഥിതിയില്ല. കാര്യമറിയാതെ നാം ചുറ്റുപാടുകൾക്കു കീഴടങ്ങുമ്പോൾ, നമുക്കുണ്ടായിരുന്നിരിക്കാവുന്ന പ്രതിക്ഷോഭമനസ്ഥിതി കെട്ടടങ്ങുന്നു; നമ്മുടെ ചുമതലകൾ അതിനെ പെട്ടന്ന് ഇല്ലാതാക്കുകയും ചെയ്യുന്നു.

പ്രതിക്ഷോഭം രണ്ടുതരത്തിലുണ്ട്: നിലവിലിരിക്കുന്ന വ്യവസ്ഥിതിയോട് ഒരു വെറും പ്രതിചേഷ്ടയെന്ന നിലയിൽ, കാര്യമറിയാതെ നടത്തുന്ന ആക്രാമക പ്രക്ഷോഭണം ഒന്ന്; മനസ്സിന്റെ ആഗാധ തലങ്ങളെ സ്പർശിക്കുന്ന ബുദ്ധിയുടെ പ്രതിക്ഷോഭം മറ്റൊന്ന്. പലരും പ്രതിഷ്ഠ ലഭിച്ച മാമൂലുകൾക്കെതിരായി പ്രക്ഷോഭിക്കുന്നു. പക്ഷേ അവരും പുതിയ മാമൂലുകൾ, കൂടുതൽ മിഥ്യകൾ, പരോക്ഷമായ ആത്മപ്രീണനം എന്നിവയിൽ അകപ്പെട്ടുപോകുന്നു.

സാധാരണ സംഭവിക്കുന്നതെന്തെന്നാൽ, നാം ഒരു സംഘത്തിലോ, ആദർശസംഹിതയിലോ നിന്നു വേർപെട്ട്, മറ്റൊരു സംഘത്തിൽ ചേർന്ന്, വേറൊരു ആദർശസംഹിത സ്വീകരിച്ച്, വീണ്ടും ഒരിക്കൽ നാംതന്നെ പ്രതിക്ഷോഭിക്കേണ്ടിവരുന്ന ഒരു പുതിയ ആശയമാതൃക സൃഷ്ടിക്കുന്നു എന്നതാണ്. പ്രതിചേഷ്ട എതിർപ്പിനെ സൃഷ്ടിക്കുന്നു; പരിഷ്കരണത്തിനു വീണ്ടും പരിഷ്കരണം ആവശ്യമാണ്.

എന്നാൽ പ്രതിചേഷ്ടയല്ലാത്ത ഒരു തരം ബുദ്ധിപൂർവകമായ പ്രതിക്ഷോഭം ഉണ്ട്. സ്വന്തം വികാരങ്ങൾ, വിചാരങ്ങൾ എന്നിവയെക്കുറിച്ചുള്ള അവബോധത്തിലൂടെ ഉൽഭവിക്കുന്ന സ്വീയജ്ഞാനത്തോടൊപ്പം അതു വന്നുചേരുന്നു. അനുഭവങ്ങളെ വരുംപടി നേരിടുകയും അസ്വസ്ഥതകളെ ഒഴിവാക്കാതിരിക്കുകയും ചെയ്യുമ്പോൾ മാത്രമേ നാം ബുദ്ധിയെ ഉത്കടമാംവണ്ണം ഉദ്ബുദ്ധമാക്കി വെച്ചുകൊണ്ടിരിക്കുന്നുള്ളു. ഉത്കടമായി ഉദ്ബുദ്ധമായ ബുദ്ധി തന്നെയാണു യുക്ത്യതീതബോധം. ജീവിതത്തിലെ ശരിയായ ജീവിതത്തിന്റെ അർത്ഥം വാസ്തവത്തിൽ എന്താണ്? നാം ജീവിക്കുകയും പോരാടുകയും ചെയ്യുന്നത് എന്തിനു വേണ്ടിയാണ്? മേന്മ നേടുന്നതിന്, കൂടുതൽ നല്ല ഒരു തൊഴിൽ കിട്ടുന്നതിന്, കൂടുതൽ കാര്യക്ഷമത ഉണ്ടാകുന്നതിന്, അഥവാ മറ്റുള്ളവരുടെമേൽ വിപുലമായ ആധിപത്യം നേടുന്നതിന് വേണ്ടി മാത്രമാണു നമ്മേ വിദ്യാഭ്യാസം ചെയ്യിക്കുന്നതെങ്കിൽ നമ്മുടെ ജീവിതം ആഴമില്ലാത്തതും ശൂന്യവുമായിരിക്കും. ശാസ്ത്രജ്ഞന്മാരായിരിക്കുന്നതിനോ, പുസ്തകബദ്ധരായ പണ്ഡിതന്മാരായിരിക്കുന്നതിനോ കേവലം അറിവിൽ ആസക്തരായ വിശേഷജ്ഞന്മാർ ആകുന്നതിനോ വേണ്ടി മാത്രമായിട്ടാണു നമ്മേ വിദ്യാഭ്യാസം ചെയ്യിക്കുന്നതെങ്കിൽ നാം ലോകത്തിന്റെ നാശത്തിനും ദുരിതത്തിനും വേണ്ടി സഹായം ചെയ്കയായിരിക്കും സംഭവിക്കുക.

ജീവിതത്തിനു കൂടുതൽ ഉത്കൃഷ്ടയും വിപുലവുമായ ഒരർത്ഥം ഉണ്ടെന്നിരിക്കെ, അതുനാം കണ്ടുപിടിക്കുന്നില്ലെങ്കിൽ പിന്നെ നമ്മുടെ വിദ്യാഭ്യാസത്തിനെന്തു വിലയാണുള്ളത്? നാം വളരെ പഠിപ്പുള്ളവരായിരിക്കാം. പക്ഷേ നമ്മുടെ വിചാരവും വികാരവും തമ്മിൽ ഏകീഭാവം ഇല്ലെങ്കിൽ നമ്മുടെ ജീവിതം അപൂർണ്ണവും പരസ്പര വിരുദ്ധവും ആയിരിക്കും, പലഭീതികളും അതിനെ കീറിപ്പറിക്കും. വിദ്യാഭ്യാസം ജീവിതത്തെക്കുറിച്ചുള്ള ഒരു സുഗ്രഥിത വീക്ഷണഗതി വളർത്തുന്നില്ലെങ്കിൽ അതിനു പറയത്തക്ക അർത്ഥമൊന്നുമില്ല.

പ്രത്യേകമായ ഒരു സാങ്കേതിക പ്രയോഗശൈലിയോ, ജീവിതവൃത്തിയോ ശീലിക്കുകയെന്നതിൽ കവിഞ്ഞു വിദ്യാഭ്യാസത്തിന് അർത്ഥമൊന്നുമില്ലാതിരിക്കത്തക്കവിധം, ഇന്നത്തെ നമ്മുടെ സഭ്യത, ജീവിതത്തെ പല വകുപ്പുകളായി വിഭജിച്ചിരിക്കുന്നു. വ്യക്തിയുടെ സംഗ്രഥിതബുദ്ധിയെ പ്രേരിപ്പിക്കയാണ് വിദ്യാഭ്യാസം ചെയ്യുന്നത്. അപ്പോൾ താൻ എന്ന പ്രക്രിയയെ അതിന്റെ സമഗ്രതയിൽ മനസ്സിലാക്കുന്നതിൽ അതു വിഘ്നം സൃഷ്ടിക്കുന്നു. പല പല ഗണങ്ങളായി വേർതിരിക്കപ്പെട്ടിരിക്കുന്ന ജീവിത പ്രശ്നങ്ങളെ അതതിന്റെ ഭിന്ന തലത്തിൽ തന്നെ പരിഹരിക്കാനുള്ള പ്രയത്നം കേവലം കാര്യബോധമില്ലായ്മയെയാണ് കാണിക്കുന്നത്.

ഭിന്നസത്തകൾ കലർന്നതാണ് വ്യക്തി. ഭിന്നതകളെ ദൃഢീകരിച്ച്, ഒരു നിശ്ചിതമാതൃകയുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുകയാൽ പല നൂലാമാലകളും പരസ്പരവൈരുദ്ധ്യങ്ങളും ഉണ്ടാകാനിടയാകുന്നു. വിദ്യാഭ്യാസം ഈ ഭിന്നസത്തകളെ സംഗ്രഥിക്കുകയാണു വേണ്ടത്. കാരണം സംഗ്രഥനമില്ലെങ്കിൽ ജീവിതം പല സംഘട്ടനങ്ങളുടെയും ദുഃഖങ്ങളുടെയും ഒരു പരമ്പരയായി ത്തീരുന്നു. കോടതിവ്യവഹാരങ്ങളെ അവസാനമില്ലാതെ നീട്ടിക്കൊണ്ടു പോകുകമാത്രമാണ് നാം ചെയ്യുന്നതെങ്കിൽ, പഠിച്ച് വക്കീലായതിന് എന്തു വിലയാണുള്ളത്. അലങ്കോലമായ അവസ്ഥയിൽ തന്നെ നാം തുടരുകയാണെങ്കിൽ പിന്നെ അറിവിനെന്തു വിലയാണുള്ളത്? പരസ്പരം നശിപ്പിക്കാനാണ് ഉപയോഗിക്കുന്നതെങ്കിൽ, സാങ്കേതികവും വ്യവസായപരവുമായ നമ്മുടെ കഴിവിന് എന്തർത്ഥമാണുള്ളത്? നമ്മുടെ ജീവിതം അക്രമങ്ങളിലേക്കും ശുദ്ധ ദുരിതത്തിലേയ്ക്കുമാണു നീങ്ങുന്നതെങ്കിൽ അതിനെന്ത് അർത്ഥമാണ്? പണവും അതു സമ്പാദിക്കാനുള്ള കഴിവും ഉണ്ടായിരുന്നിട്ടും, സുഖങ്ങളും സംഘടിതമതങ്ങളും ഉണ്ടായിരുന്നിട്ടും അന്തമറ്റ സംഘർഷങ്ങളിലാണ് നാം കഴിഞ്ഞു കൂടുന്നത്.

സ്വന്തമായതിനേയും വ്യക്തിപരമായതിനെയും തമ്മിൽ നാം വേർതിരിച്ചറിയണം. സ്വന്തമെന്നതു കേവലം യാദൃച്ഛികമാണ്. നമ്മുടെ ജനനപരിതസ്ഥിതികളെയും ദേശീയബോധം, അന്ധവിശ്വാസം, വർഗ്ഗഭേദങ്ങൾ, മുൻവിധികൾ എന്നിവയടങ്ങിയതും നാം വളരാനിടയായതുമായ ചുറ്റുപാടുകളെയുമാണു യാദൃച്ഛികമെന്നു ഞാൻ പറയുന്നത്. സ്വന്തം അഥവാ യാദൃച്ഛികം എന്നതു നൈമിഷികമാണ്. ആ നിമിഷം ഒരു ചിലപ്പോൾ ഒരു ആയുഷ്ക്കാലം മുഴുവൻ നിലനിന്നേക്കുമെന്നാലും. ഇന്നത്തെ വിദ്യാഭ്യാസം സ്വന്തമായതിൽ, യാദൃച്ഛികമായതിൽ അഥവാ നൈമിഷികമായതിൽ അടിസ്ഥാനപ്പെട്ടതായതുകൊണ്ട് അതു ചിന്താവൈകൃതത്തിനും ആത്മരക്ഷാപരമായ ഭീതികളുടെ അവസ്ഥാപനത്തിനും ഇടയാക്കിത്തീർക്കുന്നു.

സ്വന്തലാഭവും രക്ഷയും ആരായുന്നതിനും നമുക്കുവേണ്ടിത്തന്നെ പോരാടിക്കുന്നതിനും വിദ്യാഭ്യാസവും ചുറ്റുപാടുകളും നമ്മേ പരിശീലിപ്പിച്ചിരിക്കുന്നു. ഭംഗിയായ ഭാഷാപ്രയോഗങ്ങൾക്കൊണ്ടു നാം അതിനെ പൊതിയും എന്നാലും വാസ്തവത്തിൽ നമ്മുടെ വിദ്യാഭ്യാസം ചൂഷണത്തെയും സമ്പാദനപരമായ ഭയത്തെയും അടിസ്ഥാനപ്പെടുത്തിയുള്ള ഒരു വ്യവസ്ഥാസമ്പ്രദായത്തിൽ പലതരം ജീവിതവൃത്തികൾക്കായി ഉള്ളതാണ്. ഇത്തരം പരിശീലനം നമുക്കും ലോകത്തിനും കുഴപ്പവും ദുരിതവുമുണ്ടാക്കാതെ വരില്ല, കാരണം നമ്മെ മറ്റുള്ളവരിൽ നിന്ന് അകറ്റിനിർത്തുന്ന മാനസികപ്രതിബന്ധങ്ങളെ അത് ഓരോ വ്യക്തിയിലും ജനിപ്പിക്കുന്നു.

വിദ്യാഭ്യാസം എന്നത് മനസ്സിന് പരിശീലനം നൽകുക മാത്രമല്ല. പരിശീലനം നമുക്ക് കാര്യക്ഷമത നൽകുമെങ്കിലും പൂർണ്ണത വരുത്തുകയില്ല. പുതുമയൊന്നും കണ്ടുപിടിക്കാൻ ഒരിക്കലും സാധിക്കുകയില്ല. അതു കൊണ്ടാണ് ശരിയായ വിദ്യാഭ്യാസം എന്തെന്നു കണ്ടുപിടിക്കുന്നതിനു ജീവിതത്തിന്റെ മുഴുവൻ അർത്ഥം അന്വേഷിക്കേണ്ടിവരുന്നത്.

നമ്മിലധികം പേരുടെയും ദൃഷ്ടിയിൽ ജീവിതത്തിന്റെ ആകെക്കൂടിയുള്ള അർത്ഥത്തിനു പ്രാഥമിക പ്രാധാന്യമില്ല. ഏതെങ്കിലുമൊരു വിജ്ഞാനശാഖയിൽ നൈപുണ്യം നല്കുന്ന നമ്മുടെ വിദ്യാഭ്യാസം അപ്രധാനമൂല്യങ്ങൾക്കു ദാർഢ്യം നല്കുകയാണു ചെയ്യുന്നത്. അറിവും കാര്യക്ഷമതയും ആവശ്യമാണെന്നിരുന്നാലും അവയ്ക്കു പ്രാഥമിക പ്രാധാന്യം കല്പിക്കുമ്പോൾ അത് സംഘർഷത്തിനും കുഴപ്പത്തിനും കാരണം ആകുന്നു. മഹത്വാകാംക്ഷയിൽ നിന്നുണ്ടാകുന്ന കാര്യക്ഷമതയെക്കാൾ മഹത്തരവും അതിനേക്കാൾ ദൂരവ്യാപകമായതും പ്രേമചോദിതമായതുമായ ഒരു കാര്യക്ഷമതയുണ്ട്. സ്നേഹം ജീവിതത്തെപ്പറ്റി സംഗ്രഥിതമായ ഒരു ബോധം നമുക്കു നൽകുന്നു. ആ സ്നേഹം കൂടാതെയുള്ള കാര്യക്ഷമത നിർദ്ദാക്ഷണ്യത്തെ സൃഷ്ടിക്കുന്നു. ലോകത്തിലാകെ സംഭവിച്ചുകൊണ്ടിരിക്കുന്നത് ഇതുതന്നെയല്ലേ? നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസം യുദ്ധത്തിനും വ്യവസായവല്ക്കരണത്തിനും വേണ്ടിയുള്ളതാണ്, അതിന്റെ മുഖ്യ ഉദ്ദേശ്യമാകട്ടെ കാര്യക്ഷമത വികസിപ്പിക്കലും നിർദ്ദാക്ഷണ്യമായ അഹമഹമികയുടേയും, പരസ്പരനാശത്തിന്റെയും ഈ യന്ത്രത്തിൽ നാം കുടുങ്ങുകയും ചെയ്തിരിക്കുന്നു. വിദ്യാഭ്യാസം യുദ്ധത്തിലേക്കു നയിക്കുന്നെങ്കിൽ, കൊല്ലാനോ കൊല്ലപ്പെടാനോ ആണ് പഠിപ്പിക്കുന്നതെങ്കിൽ, അത് അപ്പാടെ പരാജയപ്പെട്ടു കഴിഞ്ഞിട്ടില്ലേ?

ശരിയായ വിദ്യാഭ്യാസം കൈവരുത്തുന്നതിന് ജീവിതത്തിന്റെ മൊത്തത്തിലുള്ള അർത്ഥം നാം ഗ്രഹിക്കേണ്ടിയിരിക്കുന്നു. അതിനു നമുക്ക് ചിന്തിക്കാനുള്ള ശക്തിയുണ്ടാവണം – ചിന്തിക്കേ

ണ്ടത് എപ്പോഴും ഒരേതരത്തിലല്ല, മറിച്ച് നേരേയും ശരിയായും ആണ്. എപ്പോഴും ഒരേ തരത്തിൽ ചിന്തിക്കുന്നവൻ വിചാരശൂന്യനാണ്. എന്തെന്നാൽ അയാൾ ഒരു മാതൃകയെ തുടർന്ന് ചിന്തിക്കുന്നു. ഭാഷാപ്രയോഗങ്ങൾ ആവർത്തിക്കുകയും ചിന്തിച്ച വഴിയിലൂടെതന്നെ വീണ്ടും വീണ്ടും ചിന്തിക്കുകയും ചെയ്യുന്നു. ആശയം മാത്രമായിട്ടോ, സിദ്ധാന്തരൂപത്തിലോ നമുക്ക് അസ്തിത്വത്തെ അറിയാൻ സാധിക്കുകയില്ല. ജീവിതത്തെ മനസ്സിലാക്കുകയെന്നു വെച്ചാൽ നമ്മെത്തന്നെ മനസ്സിലാക്കുകയെന്നാണ് അർത്ഥം. വിദ്യാഭ്യാസത്തിന്റെ ആദിയും അന്തവും അതുതന്നെയാണുതാനും.

വിജ്ഞാനസമ്പാദനം, വസ്തുതകളുടെ ശേഖരണം, പരസ്പരഗ്രഥനം, എന്നിവയല്ല വിദ്യാഭ്യാസം, ജീവിതത്തിന്റെ സാരാർത്ഥം കാണുകയെന്നതാണ് അത്.പക്ഷേ പൂർണ്ണതയെ അംശങ്ങളിൽ കൂടി സമീപിക്കാവുന്നതല്ല. ഗവൺമെന്റുകൾ, സംഘടിതമതങ്ങൾ, അധികാരപ്രസക്തങ്ങളായ കക്ഷികൾ എന്നിവയെല്ലാം ശ്രമിക്കുന്നത് അതിനുവേണ്ടിയാണ്.

സംഗ്രഥിതരും, തദ്വാര ബുദ്ധിശാലികളുമായ മനുഷ്യജീവികളെ സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ധർമ്മം. ബുദ്ധിയില്ലാതെതന്നെ നമുക്കു ബിരുദം നേടാനും യാന്ത്രികമായ കാര്യക്ഷമത സമ്പാദിക്കാനും കഴിഞ്ഞെന്നുവരാം. വസ്തുതകളെക്കുറിച്ചുള്ള വെറും അറിവല്ല ബുദ്ധി. പുസ്തകങ്ങളിൽ നിന്ന് അതു കിട്ടുകയില്ല. കുശലത തികഞ്ഞ ആത്മരക്ഷാപരമായ പ്രതിക്രിയകളും തീവ്രമായ ദൃഢപ്രസ്താവനകളും അതാകുന്നുമില്ല. പഠിച്ചിട്ടില്ലാത്ത ഒരുവൻ പണ്ഡിതനെക്കാൾ ബുദ്ധിശാലിയാണെന്നു വന്നേക്കാം. പരീക്ഷകളെയും, ബിരുദങ്ങളെയും നാം ബുദ്ധിയുടെ മാനദണ്ഡങ്ങളാക്കിയിരിക്കുന്നു. ജീവപ്രധാനങ്ങളായ മാനുഷികപ്രശ്നങ്ങളെ ഒഴിഞ്ഞുകളയുന്ന വഞ്ചനനിറഞ്ഞ മനസ്സുകളെ വളർത്തുകയും ചെയ്തിരിക്കുന്നു. സാക്ഷാത്തായതിനെ, ഉള്ളതെന്തോ അതിനെ, അറിയുന്നതിനുള്ള ശേഷിയാണ് ബുദ്ധി. തന്നിലും അന്യരിലും ഈ ബുദ്ധിയെ ഉത്തേജിപ്പിക്കുന്നതാണു വിദ്യാഭ്യാസം. സാങ്കേതികമായ സൂത്രവാക്യങ്ങളിൽ പിടിച്ചുതൂങ്ങാതെയും മുദ്രാവാക്യങ്ങൾ ഉരുവിടാതെയും ഇരിക്കത്തക്കവിധം വിദ്യാഭ്യാസം സ്ഥായിയായ മൂല്യങ്ങൾ കണ്ടുപിടിക്കാൻ നമ്മേ സഹായിക്കേണ്ടതാണ്. ദേശീയവും, സാമൂഹികവുമായ പ്രതിബന്ധങ്ങളെ കൂടുതൽ ദൃഢീകരിക്കുന്നതിനു പകരം അവയെ തട്ടിത്തകർക്കാൻ അതു നമ്മെ സഹായിക്കേണ്ടതാണ്. എന്തെന്നാൽ അവ മനുഷ്യനും മനുഷ്യനും തമ്മിൽ ശത്രുതയുളവാക്കുന്നു. ദൗർഭാഗ്യവശാൽ, ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം നമ്മേ സേവകപ്രായരും, യാന്ത്രികബുദ്ധികളും അത്യധികം വിചാരശൂന്യരുമാക്കിത്തീർക്കുന്നു. ബുദ്ധിപരമായി അതു നമ്മെ പ്രബുദ്ധരാക്കുന്നെങ്കിൽപോലും ആന്തരികമായി അപൂർണ്ണരും വളർച്ചമുട്ടിയവരും സർഗ്ഗകൗശലശൂന്യരുമായി വിടുന്നു.

സംഗ്രഥിതമായ ഒരു ജീവിത ബോധമില്ലാതിരുന്നാൽ നമ്മുടെ വ്യഷ്ടിപരവും സമഷ്ടിപരവുമായ പ്രശ്നങ്ങൾ ഗാഢവും വിസ്തൃതവുമായിത്തീരുകയേയുള്ളു. വെറും പണ്ഡിതന്മാർ, സാങ്കേതികവിജ്ഞാനികൾ, ഉദ്യോഗാന്വേഷികൾ എന്നിവരെ സൃഷ്ടിക്കുകയല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം; മറിച്ച് ഭയവിമുക്തരും സംഗ്രഥിതരുമായ പുരുഷന്മാരേയും സ്ത്രീകളേയും സൃഷ്ടിക്കുകയെന്നുള്ളതാണ് അതിന്റെ ഉദ്ദേശം. കാരണം, അത്തരം മനുഷ്യർക്കിടയിൽ മാത്രമേ ചിരസ്ഥായിയായ സമാധാനം നിലനില്ക്കുകയുള്ളു.

നമ്മേത്തന്നെ മനസ്സിലാക്കുന്നതിൽ നിന്നാണ് ഭയത്തിന് ഒരു അറുതിയുണ്ടാകുന്നത്. വ്യക്തി നിമിഷം പ്രതി ജീവിതവുമായി മല്ലിടണമെങ്കിൽ, അതിന്റെ നൂലാമാലകളെയും ദുരിതങ്ങളെയും ആകസ്മികമായ ആവശ്യങ്ങളെയും നേരിടണമെങ്കിൽ, അയാൾ അത്യന്തം അയവുള്ളവനും തന്നിമിത്തം സിദ്ധാന്തങ്ങൾ, പ്രത്യേക ചിന്താമാതൃകൾ എന്നിവയിൽനിന്നെല്ലാം സ്വതന്ത്രനുമായിരിക്കണം.

സമുദായവുമായി ചിട്ടപ്പെട്ടിരിക്കാനോ, നിഷേധരൂപത്തിൽ അതുമായി സമരസപ്പെട്ടിരിക്കാനോ വിദ്യാഭ്യാസം വ്യക്തിയെ പ്രോത്സാഹിപ്പിക്കരുത്. മറിച്ച്, പക്ഷപാതമറ്റ പരിശോധന, തന്നെപ്പറ്റിത്തന്നെയുള്ള ബോധം എന്നിവയോയൊടപ്പം വന്നുചേരുന്ന യഥാർത്ഥമൂല്യങ്ങൾ കണ്ടുപിടിക്കാൻ അത് അയാളെ സഹായിക്കേണ്ടതാണ്. ■

*(ജെ.കൃഷ്ണമൂർത്തിയുടെ 'എഡ്യൂക്കേഷൻ ആന്റ് സിഗ്നിഫിക്കൻസ് ഓഫ്ലൈഫ്' എന്ന പുസ്തകത്തിൽ നിന്ന്.)*


**Statement about ownership and other particulars of Jeevitha Yatra**

**FORM IV**

| | | |
|---|---|---|
| 1. Place of Publication | : | Krishnamurti Foundation India<br>Vasanta Vihar<br>124, 126, Greenways Road,<br>Chennai - 600 028. |
| 2. Periodicity of publication | : | Once in four months<br>(September, January, and May) |
| 3. Printer's Name | : | N. Subramanian |
| Whether citizen of India | : | Yes |
| Address | : | Sudarshan Graphics<br>Offset Press<br>27, Neelakanda Mehta<br>Street, T. Nagar,<br>Chennai - 600 017. |
| 4. Publisher's Name | : | G. Rajeev |
| Whether citizen of India | : | Yes |
| Address | : | Krishnamurti<br>Foundation India<br>Vasanta Vihar<br>124, 126, Greenways Road,<br>Chennai - 600 028. |
| 5. Editor's Name | : | K.Krishnamurthy<br>Krishnamurti<br>Foundation India<br>Vasanta Vihar<br>124, 126, Greenways Road,<br>Chennai - 600 028. |
| 6. Name and address of individuals who own the newspaper and partners or shareholders holding more than one percent of the total capital. | : | Krishnamurti<br>Foundation India<br>Vasanta Vihar<br>124, 126, Greenways Road,<br>Chennai - 600 028. |

I, G. Rajeev, hereby declare that the particulars given are true to the best of my knowledge and belief.

Sd

(G. Rajeev)

*Published in September, January and May*
*Registered with the Registrar of Newspapers for India*
*under No. TNMAL/2005/17822*

Periodical

*In undelivered please return to :*
KRISHNAMURTI FOUNDATION INDIA
Vasanta Vihar, 124,126 (Old 64,65) Greenways Road
Chennai-600 028. Tel. : 24937803 / 596
E-mail : publications@kfionline.org.
Websites : www.kfionline.org / www.jkrishnamurti.org

*Published by G. Rajeev on behalf of the Krishnamurti Foundation India, Vasanta Vihar, 124, 126 (Old 64,65) Greenways Road, Chennai-600 028.*
*Printed by N. Subramanian at Sudarsan Graphics Offset Press, 27, Neelakanta Mehta Street, T.Nagar, Chennai-600 017. Editor : K. Krishnamurthy*